
little KITEs
E-Magazine
ദലം
ഇ-മാഗസിൻ
GHSS MALUR

# ജി എച്ച് എസ് എസ് മാലൂർ



# താളുകളിൽ

താളുകളിൽ......................

എഡിറ്റോറിയൽ.....................................................................................5
ആശംസകൾ..........................................................................................6
ചരിത്രം................................................................................................7
മഴക്കാറ്...............................................................................................8
പ്രകൃതി...............................................................................................10
അത്യാഗ്രഹത്തിന്റെ ഫലം സങ്കടം.....................................................12
ലിററിൽ കൈറ്റ്സ്..............................................................................14
കുട്ടിയുടെ നന്മ....................................................................................15
മഞ്ഞ്..................................................................................................17
കുടുക്ക...............................................................................................18
ആ മഴക്കാലം.......................................................................................19
എന്റെ ഒസ്യത്തിലുള്ളത്......................................................................20
പുണ്യകർമ്മം.......................................................................................24
നക്ഷത്ര...............................................................................................25
അമ്മയുടെ സ്നേഹം.............................................................................26
ദൈവം തന്ന നിധി..............................................................................27
മാധവന്റെ അമ്മ..................................................................................29
കാത്തിരിപ്പ്.........................................................................................32



# എഡിറ്റോറിയൽ ബോർഡ്

## സ്റ്റുഡൻറ് എഡിറ്റർ

സാന്ദ്ര സനൽ

## സബ് എഡിറ്റേഴ്സ്

1. അനൽ
   9 ബി
2. ഷഹല
   9 സി
3. ധ്യാന കെ
   9 എ
4. ജിഹാരാജീവൻ
   9 എ
5. ജാസ്മിന
   9 എ
6. അഷിക
   9 എ



# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ രൂപീകൃതമായ ഐ ടി ക്ലബ്ബാണ് ലിററിൽ കൈററ്സ് . കേരളത്തിലെ വിദ്യാലയങ്ങൾ ഹൈടക്കായി മാറിയ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക , സ്കൂളിലെ ഐ ടി ഉപകരണങ്ങൾ കൈകാര്യം ചെയ്യുക ,ക്ലാസ്സ് മുറികളിൽ വിവര സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് സഹായിക്കുക , മററ് കുട്ടികൾക്ക് ഈ അറിവ് കൈമാറുക തുടങ്ങിയവയാണ് ഈ കൂട്ടായ്മയിലെ അംഗങ്ങൾ ചെയ്യുന്നത് . കൈയെഴുത്തുമാസികകളിൽ നിന്ന് വ്യത്യസ്തമായി ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് തയ്യാറാക്കിയ മാഗസിനാണ് ഇത്.സ്വതന്ത്രസോഫ്ററ്വേയർ ആയ സ്ക്രൈബസ് എൻ ജി സോഫ്ററ്വേയറാണ്  ഉപയോഗിച്ചത്.സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണകരവും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താൻ ലിററിൽ കൈററ്സ് പദ്ധതിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

---- എഡിററർ
ജി എച്ച് എസ് എസ് മാലൂർ
ലിററിൽ കൈററ്സ്



# ആശംസകൾ



"ദലം" നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് .ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ്മിസ്ട്രസ്സ്
ജി എച്ച് എസ് എസ് മാലൂർ

# ചരിത്രം

മാലൂർ ഗ്രാമപഞ്ചായത്തിൽ തോലമ്പ്ര വില്ലേജിൽ ആറാം വാർഡിൽ പുരളിമലയുടെ താഴ്‌വാരത്ത് സൂര്യതേജസ്സോടെ തലയുയർത്തി നിൽക്കുന്ന ജി എച്ച് എസ് എസ് മാലൂർ 1982 ലാണ് പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ മാലൂർ സിറ്റിക്കടുത്ത് ആനന്ദയോഗശാലയിലാണ് ക്ലാസുകൾ നടന്നിരുന്നത്. മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 4 കെട്ടിടങ്ങളിലായി 13 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 7 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്.



# മഴക്കാറ്



സാധിക ബാബു

**വെ**യിൽ മങ്ങിത്തുടങ്ങി.റോഡിലെ വാഹനത്തിരക്കും കൂടി. പകലന്തിയോളം അധ്വാനിച്ച് സായാഹ്നങ്ങളിൽ വീടുകളിൽ എത്താനുള്ളവരുടെ പാച്ചിലാണ്. റോഡിനരികിലെ വയൽ പരപ്പിലേക്ക് നോക്കി ഇരിപ്പു തുടങ്ങിയിട്ട് കുറച്ചു നേരമായി. മനസ്സിൽ എവിടെയോ വിങ്ങൽ വീർപ്പുമുട്ടുന്നു.എപ്പോഴും പുഞ്ചിരിക്കുന്ന ഉണ്ണിക്കുട്ടന്റെ മുഖമാണ്.പെയ്തു തോരാത്ത കണ്ണീരുമായി അവൻറെ അമ്മ ഒരു വിളിപ്പാടകലെ ഉണ്ട്.എന്തു പറയണമെന്നോ എങ്ങനെ ആശ്വസിപ്പിക്കണം എന്നോ അറിയില്ല.ഇപ്പോഴും ആ ഭയാനക നിമിഷവും..... കാഴ്ചയും എത്ര മറക്കാൻ ശ്രമിച്ചിട്ടും കഴിയുന്നില്ല. ഓർമ്മകൾ വീണ്ടും വീണ്ടും വന്ന് വിളിച്ചുണർത്തുകയാണ്. ഉണ്ണിക്കുട്ടൻ ഈ ലോകത്ത് നിന്ന് യാത്രയായി എന്ന സത്യം ഉൾക്കൊള്ളാൻ ആകാതെ നെടുവീർപ്പിടുന്ന അമ്മയെ ഓർത്ത് അവൾ തേങ്ങി. ദൈവമേ ഇത്തരം ഒരു വിധി അമ്മയ്ക്ക് നൽകരുതേ.....

ഭൂമിയിൽ എത്ര ക്രൂരത ചെയ്യുന്നവരുണ്ട്? എന്തെല്ലാം ആക്രമണവും കവർച്ചയും ആഴിമതിയും തിന്മയും പ്രവർത്തിക്കുന്നവർ ഉണ്ട്? അവർക്കൊന്നും കൊടുക്കാത്ത ശിക്ഷ എന്തിനീ പിഞ്ചു അനുജന് നൽകി? ഒരുപക്ഷെ ദൈവത്തിനെ ഏറ്റവും ഇഷ്ടമുള്ളത് കൊണ്ടായിരിക്കുമോ....? യേശുദേവൻ തെറ്റ് ചെയ്യാതെ ക്രൂശിക്കപ്പെട്ടത് ദൈവത്തിൻറെ പ്രിയ പുത്രനായതുകൊണ്ടാണെന്ന് വായിച്ചിട്ടുണ്ട്. അതെ ഉണ്ണിക്കുട്ടനും ദൈവത്തിൻറെ പ്രിയ പുത്രൻ തന്നെയാണ്. ചെന്നായ്ക്കളുടെ നടുവിൽ പെട്ട് ഒന്ന് ഉച്ചത്തിൽ കരയാനോ, പ്രതികരിക്കാനോ, ആവാത്ത അതിക്രൂരമായി, നിസ്സഹായനായി സ്വന്തം ബലിയർപ്പിച്ച നിന്നെ ഓർത്ത്, കുറ്റബോധത്തോടെ കണ്ണീർ വാർത്തയാണ്. ഈ പ്രപഞ്ചത്തിലെ സൗന്ദര്യം ആസ്വദിച്ച് കൊതി തീരും മുമ്പേ, പുഴകളെ,മലകളെ, കാടുകളെ, പച്ചപ്പാടങ്ങളെ, തുമ്പികളെ, പൂക്കളെ, അടുത്ത അറിയുന്നതിനു



മുൻപ് നീ പോയി മറിഞ്ഞു.ആയമ്മ എന്നും ഒരു തുണയായി ഒപ്പമുണ്ടായിരുന്നു. എന്നിട്ടോ വിധിയുടെ ക്രൂരത അല്ലാതെ എന്തു പറയാൻ? ഒരുനേരത്തെ നോട്ട് പിശകിൽ ഉണ്ണിക്കുട്ടൻ വീട് വിട്ടിറങ്ങിയതും, തുമ്പികളെയും, പൂക്കളെയും, തേടി നടന്നതും തെരുവുനായ്ക്കളുടെ ഇടയിൽ അകപ്പെട്ടതും ആക്രമണത്തിനിരയായതും പട്ടിണിയുടെയും, വിശപ്പിന്റെയും, കാഠിന്യതിലോ ആരോടോ ഉള്ള പകയിലോ അതോ മനുഷ്യൻ ചെയ്ത ക്രൂരതക്കുള്ള തിരിച്ചടിയായോ എന്തെന്നറിയില്ല, അനുസരണയുള്ള നന്ദിയുള്ള ഒരു ജീവി എന്ന് നാം വിധിയെഴുതിയ ഇവറ്റകൾ എന്തിനിങ്ങനെ പെരുമാറി? ശരീരമാസകലം കടിച്ചു ചീന്തി, കൊടിയ വേദനയിൽ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരുന്ന ഉണ്ണിക്കുട്ടനെ ഒന്ന് രക്ഷിക്കാൻ തനിക്ക് ഇല്ലല്ലോ എന്നോർത്ത് അവൾ ഏങ്ങി കരഞ്ഞു. ഒരുപക്ഷേ നായക്കൂട്ടങ്ങൾക്കും തങ്ങളുടെ തെറ്റ് മനസ്സിലായി ട്ടായിരിക്കാം അവ അവനെ ഉപേക്ഷിച്ചു പോയത്. തങ്ങൾ ചെയ്തത് കൊടിയ പാപമാണെന്ന് യാഥാർത്ഥ്യം അവർ പട്ടിണിക്കും കൊടിയ വിശപ്പിനും ഇടയിൽ മറന്നു പോയിരിക്കാം. മനുഷ്യനും ഓർക്കാതെ പോകുന്നത് ഇതുതന്നെയല്ലേ. മാനം ഇരുണ്ടു തുടങ്ങി....ഒരു മഴയ്ക്ക് സാധ്യത. ഉണ്ണിക്കുട്ടന്റെ വീട്ടിലേക്ക് നോക്കി അമ്മയെ അവിടെ ഒന്നും കാണാനില്ല. എപ്പോഴും അവനെയും കൊണ്ട് പോകുന്ന പാടവക്കത്തെ തോട്ടിലേക്ക് അറിയാതെ നോക്കി.... അവിടെ അവന്റെ അമ്മ ഇരിക്കുന്നുണ്ടോ.... ഉണ്ണിയെന്ന് വിളിച്ച് പരൽ മീനുകളെ കാട്ടി കൊടുക്കുന്നുണ്ടോ?മാനം ഇരുണ്ടു. മിന്നൽ പിണരുകൾക്കും ഇടിനാദത്തിനുമൊപ്പം ഒരു നേർത്ത കരച്ചിൽ.... അവൾ വാതിൽ തുറന്ന് പുറത്തുവന്ന് തോട്ടിലേക്ക് നോക്കി.... അതെ എന്തോ ഒരു നേർത്ത ശബ്ദം. മഴ പെയ്തു തുടങ്ങി. അപ്പോൾ തോട്ടിലെ കൈത ചെടികൾക്കിടയിൽ ക്ഷീണിച്ചവശയായ ഒരു രൂപം. മേലാസകലം മുറിവ് പറ്റി മീനുകൾ കൊത്തിപ്പറിച്ച് അവശയായ ഒരു നേർത്ത മർമ്മരമായി മാറിയ രോദനം ഒരു നായക്കുട്ടി. ആരോ ഉപേക്ഷിച്ചതാവാം ഒരു പൂച്ച കുഞ്ഞിന്റേത് വലിപ്പം പോലുമില്ലാത്ത അതിനെ വെള്ളത്തിൽ ഇറങ്ങിയെടുത്ത് വീട്ടിലേക്ക് നടക്കുന്ന ഉണ്ണിക്കുട്ടന്റെ അമ്മ. തൻറെ ഉടുവസ്ത്രത്തിന്റെ അറ്റം കൊണ്ടതിനെ തുടച്ച് നെഞ്ചോട് ചേർത്ത് പിടിച്ച് അമ്മ വീട്ടിലേക്ക് നടന്നു.... മഴ ശക്തിയായി പിറകെയും.......




# പ്രകൃതി


അഷിക മാലോട്ട്

തേജസ്സ്വിയ്യാം പ്രകൃതി നിയമനോഹരീ
മന്ദമാരുതൻ തഴുകുമ്പോൾ ദല മർമ്മരങ്ങൾ
അലയടിക്കും നേരം സാന്ദ്രമാം നിൻ
മനോഹര രൂപം കണ്ടു ഞാൻ
കിളികളിൽ ചിറകടിച്ച നേരം വർണ്ണനീയമാം
നിൻ സൗന്ദര്യം കണ്ടു സസ്യമൃഗാദികൾ
വർണ്ണച്ചിറകിട്ടടിച്ചു പറന്നൊരാ പൂമ്പാറ്റയിൽ
നിൻ സൗന്ദര്യം ഒളിഞ്ഞിരിക്കുന്നു
പവിത്രമാം തടനി നീ ഒഴുകിയൊഴുകി
ആഞ്ഞടിക്കും നഗരത്തിൽ ചെന്നു ചേരുന്നു
സസ്യപർവ്വതനിരകൾ തൻ സൗന്ദര്യം
പ്രകൃതിയിൽ സമ്പൂർണ്ണമേകുന്നു
മാരിമുകിലിൻ കണ്ണുനീരാം വർഷനൂലുകൾ
പെയ്തിറങ്ങുമ്പോൾ എൻ മനമാകെ
കുളിരേകുന്നു സൂര്യകാന്തി ഭൂമിയിൽ
പുഞ്ചിരിച്ചിടുമ്പോൾ വിരിയുന്നതും സൂര്യകാന്തി
പൂക്കൾ മന്ദഹാസത്തോടെ
തടാകങ്ങളിൽ വാലിട്ടടിക്കും മത്സ്യകന്യകമാർ



പൊതു സ്വപ്നങ്ങൾ നെയ്തുകൂട്ടുന്നു
വാനിൽ മാരിവില്ലിൻഏഴുവർണ്ണങ്ങൾ
വിരിഞ്ഞിടുമ്പോൾ മന്ദഹസിക്കുന്നു നീ
പ്രകൃതിമനോഹരി
അന്ധകാരത്തിൽ മൂകമാം നേരങ്ങളിൽ
നിലാവ് പെയ്തിറങ്ങുന്നു
ചന്ദ്രഹാസം
കണ്ണൂചിമ്മി തുറക്കുന്നു താരകന്യമാർ
ദൈവം തന്നെ അനുഗ്രഹം നിനക്കു
സിദ്ധിച്ച വരം തന്നയല്ലാ
പ്രകൃതിമനോഹരീ
സസ്യമൃഗാദി മനുഷ്യരെല്ലാം നിന്നെ
സേവിച്ചിടുന്നു കരുതലോടെ ........



അനാമിക നായർ
8എ

# അത്യാഗ്രഹത്തിന്റെ ഫലം സങ്കടമാണ്

കല്ലൂർ എന്ന ഗ്രാമത്തിൽ ഒരു കൊച്ചു വീട്ടിൽ സീത,സോന എന്ന രണ്ടു സഹോദരിമാർ ഉണ്ടായിരുന്നു .അതിൽ ഇളയസഹോദരിയായ സോന വലിയ മടിച്ചിയായിരുന്നു . അമ്മ ജോലിക്ക് പോകുമ്പോൾ സീതയും സോനയും സ്കൂളിലേക്ക് പോവാൻ വേണ്ടി എഴുന്നേൽപ്പിക്കാൻ പോകുമ്പോൾ സീത പെട്ടെന്ന് തന്നെ എഴുന്നേറ്റ് തയ്യാറായി സ്കൂളിലേക്ക് പോവും . സോനയാണെങ്കിൽ മടിയോടുകൂടി എഴുന്നേറ്റ് വസ്ത്രം മാറി എങ്ങനെയെങ്കിലും സ്കൂളിൽ ചെല്ലും .സ്കൂളിൽ ചെന്നാലോ ക്ലാസിലേ മറ്റു പ്രവർത്തനങ്ങളിൽ അലസതയോടെ മടിപിടിച്ചിരിക്കും. സീതയാകട്ടെ എല്ലാകാര്യങ്ങളും കൃത്യതയോടെ ചെയ്യും.

ഒരു ദിവസം രാത്രി നല്ല മഴയുള്ളപ്പോൾ ഒരു വൃദ്ധൻ ആ വീടിന്റെ മുന്നിൽ ചെന്ന് ആശ്രയം ചോദിച്ചു .സീത പറഞ്ഞു ആ ഇവിടെ വിശ്രമിക്കാം .അമ്മയോടു ചോദിച്ചിട്ട് വരാം . അമ്മ സമ്മതിച്ചു. സോനയാവട്ടെ ഇവിടെയൊന്നും താമസിക്കാൻ സമ്മതിക്കരുത് എന്ന് പറഞ്ഞു .അമ്മ അതിനെ എതിർത്ത് വൃദ്ധനെ താമസിക്കാൻ അനുവദിച്ചു . ആ വൃദ്ധന് ചൂടുള്ള ഭക്ഷണം നൽകി. അവിടത്തെ ഉമ്മറത്ത് കിടന്നോളു എന്ന് പറഞ്ഞു. പിറ്റേന്ന് രാവിലെ സീത ഉമ്മറത്ത് ചെല്ലുമ്പോൾ ആ വൃദ്ധൻ അവിടെ നിന്ന് പോയിരുന്നു. ആകെ അവിടെ ബാക്കിയായത് വൃദ്ധന്റെ പുതപ്പായിരുന്നു . അവിടെ വച്ച് മറന്നതാണെന്ന് തോന്നുന്നു .

സീത അതെടുത്ത് തട്ടി കുടഞ്ഞപ്പോൾ അതിൽനിന്ന് ഒരു സ്വർണ്ണനാണയം തറയിൽ വീണത് അവൾ ശ്രദ്ധിച്ചു . സോന അത് കണ്ടപ്പോൾ അവൾക്ക് അത്ഭുതം തോന്നി. അവൾ സീതയുടെ കൈയിൽ നിന്ന് തട്ടിപറിച്ച് വാങ്ങി പുതപ്പ് കുടഞ്ഞപ്പോൾ സ്വർണ്ണ നാണയത്തിന് പകരം കല്ലാണ് ലഭിച്ചത് . അങ്ങനെ സീതയും സോനയും പുതപ്പ് കുടയുന്നത് തുടർന്ന് കൊണ്ടിരുന്നു. അവസാനം സ്വർണ്ണ നാണയം വീഴുന്നത് നിർത്തിയപ്പോൾ സീതയ്ക്ക് സ്വർണ്ണനാണയങ്ങൾ ലഭിച്ചു. സോനയ്ക്കാണെങ്കിൽ കല്ലും ലഭിച്ചു .

ഗുണപാഠം: ഇതിലൂടെ നമുക്ക് മനസ്സിലാകുന്നത് ആരെയും അവരുടെ വേഷവും സംസാരവും കണ്ട് വിലയിരുത്തരുത്. എല്ലാവരോടും സന്തോഷത്തോടെയും സ്നേഹത്തോടെയും കൂടി പെരുമാറുക.



# ലിററിൽ കൈററ്സ് 2021-25 ബാച്ച്



# കുട്ടിയുടെ നന്മ



അനയ പി
9 എ

"എങ്ങുമില്ല ഒരു തുള്ളി വെള്ളം ദാഹം കൊണ്ട് തൊണ്ട വരളുന്നു "കരഞ്ഞുകൊണ്ട് കുഞ്ഞിക്കൽ പറഞ്ഞു. "അമ്മേ ഞാനിപ്പോൾ ചത്തുപോകും എന്ന് തോന്നുന്നു ""കുഞ്ഞേ ,അങ്ങ് ദൂരെ ഒരിടം ഉണ്ട് അവിടെ ഒരുപാട് നല്ല മനുഷ്യരുണ്ട് "അമ്മ കുഞ്ഞിക്കിളിക്ക് വഴി പറഞ്ഞു കൊടുത്തു .കുഞ്ഞിക്കിളി അവിടേക്ക് പറന്നു കുന്നുകളും മലകളും താണ്ടി ,വരണ്ട വയലുകളും വറ്റിയ പുഴകളും കടന്ന് കുഞ്ഞിക്കിളി ദൂരെയാ കാഴ്ച കണ്ടു. ആ സ്ഥലത്ത് മരം പോലുമില്ല കുഞ്ഞിക്കിളി കുറച്ചുകൂടെ മുൻപിലേക്ക് പോയി. അവിടെ അവൾ കണ്ടത് വററി വരണ്ട ഒരു പുഴ പുഴയാണ്. അവൾ അവിടെ ഇരുന്നു കരഞ്ഞു .അവൾക്ക് വല്ലാതെ ദാഹിക്കുന്നുണ്ട് പിന്നെ സൂര്യൻറെ ചൂടും അവൾക്ക് സഹിക്കാൻ കഴിയുന്നില്ല. ഈ നാട്ടിലെ മനുഷ്യരെ കുറിച്ച് ആലോചിച്ചു .ആ നാട്ടിലെ മനുഷ്യർ എന്ത് ക്രൂരന്മാരാണ്. അവിടെയുള്ള എല്ലാ കുന്നും മലയും മരങ്ങളെല്ലാം മുറിച്ച് ആകെ ആ നാട്ടിൽ കഷ്ടിച്ച് ഒന്നോ രണ്ടോ മരങ്ങൾ മാത്രം. ഇനി കുഞ്ഞിക്കിളി എങ്ങോട്ട് പോകുമെന്ന് ഒന്നുമറിയില്ല. അപ്പോഴാണ് അവിടേക്ക് ഒരുപാട് പക്ഷിക്കൂട്ടം കണ്ടത് അവൾ ചാടി എഴുന്നേറ്റ കുഞ്ഞിക്കിളിയി അവരോട് ചോദിച്ചു ഇവിടെ ഒരു തുള്ളി വെള്ളം പോലും ഇല്ലല്ലോ പിന്നെ നിങ്ങൾ എങ്ങനെയാണ് ഇവിടെ കഴിയുന്നത്. അവരിൽ ഒരാൾ പറഞ്ഞു ഇവിടെ വെള്ളമോ മരമോ ഒന്നുമില്ല ഞങ്ങൾ ജനിച്ചുവളർന്ന സ്ഥലമായതുകൊണ്ട് തന്നെ നമുക്ക് വേറെ എവിടെയും പോകാൻ തോന്നുന്നില്ല .നിന്നെ ഇവിടെയെങ്ങും ഇതുവരെ കണ്ടില്ലല്ലോ അവൾ പറഞ്ഞു .ഞാൻ ഇത്തിരി ദൂരെ നിന്നാണ് ഞങ്ങളുടെ നാട്ടിൽ ചൂട് കൂടിയതുകൊണ്ട് വെള്ളം എല്ലാം വറ്റി തീർന്നു. അമ്മ പറഞ്ഞു ഇവിടെ നല്ല മനുഷ്യരാണ് ഇവിടെ ഒരുപാട് വെള്ളമുണ്ടെന്ന് .അതാ ഞാൻ ഇങ്ങോട്ട് വന്നത് .കുട്ടി എന്താ പറഞ്ഞത് ഇവിടുത്തെ മനുഷ്യൻ നല്ലവരാണെന്നോ ഈ മനുഷ്യർ ഉള്ളതുകൊണ്ട് നമുക്ക് ഒരു തുള്ളി വെള്ളം പോലുമില്ലാതത്.നേരം ഒരുപാട് വൈകി അങ്ങനെ അവർ പോയി അമ്മ അവിടെ എന്നെ കാത്തിരിക്കുന്നുണ്ടാവും. അമ്മ ഞാൻ വരാത്തതുകൊണ്ട് വിഷമിക്കുമോ? മ് ഇനി നാളെയാകട്ടെ ഞാൻ എങ്ങനെയെങ്കിലും നാട്ടിലെത്തും. അങ്ങനെ ചിന്തിച്ചുകൊണ്ട് അവൾ കൂടുതൽ അവശയായി അവിടെ രാവിലെ നേരത്തെ തന്നെ അവൾ ഉണർന്നു .അവിടെ ഒരു വീട്ടിൽ കുട്ടി ഒരു പാത്രത്തിൽ നിറയെ വെള്ളം എടുത്ത് വെക്കുന്നത് അവൾ കണ്ടു അവളുടെ അവിടേക്ക് പോയി അവൾക്ക് വേണ്ട വെള്ളം കുടിച്ചു സന്തോഷം കൊണ്ട് കുഞ്ഞിക്കിളി പറഞ്ഞു നന്ദി ഞാൻ ഒരുപാട് അന്വേഷിച്ചിട്ടാണ് എനിക്ക് വെള്ളം കിട്ടിയത് .ആ കുട്ടി പറഞ്ഞു ഒരുപാട് കിളികൾ ഇപ്പോൾ വെള്ളം കിട്ടാതെ വരുന്നുണ്ട് അതുകൊണ്ട് ഞാൻ ഇവിടെ വെള്ളം വച്ചത് കുഞ്ഞിക്കിളി ആ കുട്ടിയോട്

പറഞ്ഞു .നീ ചെയ്ത വളരെ നല്ല കാര്യമാണ് അവൾ ആ കുട്ടിയുടെ ഒരുപാട് നേരം സംസാരിച്ചുകൊണ്ട് അവിടുന്ന് പോയി .അവൾ ഒരുപാട് സമയം പറന്നുപറന്ന് കുഞ്ഞിക്കിളി തൻറെ നാട്ടിലെത്തി അമ്മയെ കണ്ടു നടന്ന സംഭവം പറഞ്ഞുകൊടുത്തു. അമ്മ സങ്കടം കൊണ്ട് കരഞ്ഞു ഞാൻ കാരണമല്ലേ കുഞ്ഞിക്കിളി നീ ആ നാട്ടിൽ പോയത് നീ അവിടെ ഒരുപാട് ബുദ്ധിമുട്ടി അല്ലേ .ഞാൻ തിരിച്ചെത്തിയില്ലേ അതുതന്നെ ഭാഗ്യം കുഞ്ഞിക്കിളി ഇങ്ങനെ പറഞ്ഞപ്പോൾ അമ്മയ്ക്ക് ഒരുപാട് സന്തോഷമായി. പിന്നെ അവർ സന്തോഷത്തോടെ ജീവിച്ചു










നിവേദിത
8എ

രാവിന്റെ ശോഭയിൽ നീലിമ ചാർത്തുന്ന
മഞ്ഞിൻ കൊടുങ്കാറ്റ് വീശി വന്നു
മഞ്ഞിൽ മധു തേടി പൂന്തണ്ടിലാടുന്ന
കുഞ്ഞുറുമ്പും പൂവണ്ടുകളും
സ്നേഹപൂവണ്ടിന്റെ മൂളലും ഗാനവും
മധുരമാം മധു തേടി അലയുന്നിതാ
അക്ഷര പൂമൊട്ട് പൂത്തു നിൽക്കുന്ന
അക്ഷരലോകമായി മഞ്ഞുതുള്ളിയും
രാവിൻ നിലാവിൽ തനിയെ ഉറങ്ങുന്ന
വെൺ മേഘശകലങ്ങൾ
രാവിൽ പൂത്തു നിൽക്കുന്ന
സ്നേഹ പൂമഞ്ഞായി മായുന്നിതാ....



# കുടുക്ക



തേജശ്രീ കെ കെ
9എ

വിശന്നു വലഞ്ഞ ഒരു അമ്മൂമ്മ നാട്ടിലെ എല്ലാ വീടുകളിലും പോയി ഭിക്ഷചോദിക്കുമായിരുന്നു .ഒരിക്കലും ആരും ഒന്നും കൊടുക്കാറില്ല. അങ്ങനെ ആ നാട്ടിലെ രാമു എന്ന് പേരുള്ള ഒരു കർഷകൻ ആ അമ്മൂമയെകാണാനിടയായി.എല്ലുകൾ ഉന്തി നിൽക്കുന്ന ശരീരവും വിശപ്പുകൊണ്ട് വളഞ്ഞ ശരീരവും ആയിരുന്നു അവരുടേത്. അമ്മൂമ്മയുടെ ദയനീയാവസ്ഥ കണ്ട് രാമു തൻറെ വീട്ടിലേക്ക് കൊണ്ടുപോയി. അപ്പോൾ അച്ഛനെ കാത്ത് അവരുടെ മകൻ വന്നു. അവൾക്ക് അമ്മയെ കണ്ടപ്പോൾ സങ്കടം തോന്നി അവൾ അമ്മയ്ക്ക് വയറു നിറയെ ഭക്ഷണം കൊടുത്തു. രാമു അമ്മൂമ്മയെ അവിടെ താമസിപ്പിച്ചു രാവിലെ ആയപ്പോൾ അമ്മൂമ്മ പോകാൻ ഒരുങ്ങി ആ സമയത്ത് അമ്മൂമ്മ രാമനെ വിളിച്ചിട്ട് പറഞ്ഞു ഞാൻ നിനക്ക് ഒരു കുടുക്ക തരാം. ഇതൊരു മാന്ത്രിക കുടുക്കുകയാണ് . ഈ കുടുക്കയുടെ അടുത്ത് എന്ത് പറഞ്ഞ് ആവശ്യപ്പെട്ടാലും കുടുക്ക അത് തരും അങ്ങനെ രാമു മക്കളും പിന്നെ സന്തോഷത്തോടെ ജീവിച്ചു





# ആ മഴക്കാലം



ലാൽകിഷൻ
8 ബി



മഴ നനഞ്ഞു കുതിർന്ന മണ്ണിലേക്ക്
വെച്ച പാദങ്ങൾ കുളിരണിഞ്ഞു
പൂവിതൾ മെല്ലേ തലോടിയാ

തുള്ളികൾ വീഴുന്നു മണ്ണിനുമീതെ വീണ്ടും
ആർത്തിരമ്പി വന്ന മഴയെ
ചേർത്തു തന്നിലേക്ക് ഗാഢമായി പുണർന്നു
കുളിരട്ടെ ഞാനീ തെളിനീരിൽ ......
പെയ്യട്ടെ വീണ്ടും കരുത്തോടെ
കരിഞ്ഞു തുടങ്ങിയ
പുൽനാമ്പുകൾ തലപൊക്കി മെല്ലേ
നിവർന്നു നിന്നു
വേണമിനിയും ശമിച്ചില്ല ദാഹം
പെയ്യട്ടെ വീണ്ടും കുടിനീരുമായി.



കഥ

# എന്റെ ഒസ്യത്തിലുള്ളത്



തോമസ് ദേവസ്യ
അധ്യാപകൻ

<u>എന്റെ ഒസ്യത്തിലുള്ളത്</u>

It works in me like madness,
Dear to bid me say good-bye...
For the seas call and the stars call and
Oh!the call of the sky...!

മരണം,അതാർക്കും,എപ്പോഴും,എവിടെയും എങ്ങനെയും സംഭവിക്കാമല്ലോ. ചാകുന്നതോർത്തുള്ള പേടികൊണ്ടാണ് ഞാനിതൊക്കെ എഴുതുന്നതെന്ന് ചിലരൊക്കെ കരുതുമായിരിക്കും.ഭീകരമരണം,നരകക്കുഴി,ശുദ്ധീകരണ സ്ഥലം,നരകത്തീ,ഇത്യാദി പ്രയോഗ ങ്ങളൊന്നും കേട്ട് പേടിക്കുന്ന ആളല്ല ഞാൻ.ദൈവം,ചെകുത്താൻ,സ്വർഗ്ഗം,നരകം,മരണാനന്തര ജീവിതം,ഇതൊക്കെ ഭ്രൂണാവസ്ഥയിലുള്ള ഒരുതരം ചിന്താവൈകല്യമായിട്ടാണ് പണ്ടേ എനിക്ക് തോന്നിയിട്ടുള്ളത്.മരിച്ചു കഴിഞ്ഞാൽ നമുക്ക് ജീവനില്ല,ജീവനില്ലാത്തപ്പോൾ ജീവിതവുമില്ല.



ബാറ്ററി പഴകി,ഡിസ്പ്ലേ പോയി,ബോർഡ് ഫ്യൂസടിച്ച്,എഞ്ചിൻ നിലച്ച്,പതുക്കെപ്പതുക്കെ നിലച്ചുപോകുന്ന ഒരു ഇലക്ട്രോണിക്ക് യന്ത്രം.അങ്ങനെ മരണത്തെ മനസ്സിലാക്കിയാൽ എളുപ്പമായി.പിന്നെന്തിനാണ് മരണഭയം.?

നിരാശ മൂത്താണ് ഞാനിതൊക്കെ എഴുതിവെക്കുന്നതെന്ന് നിങ്ങളാരും കരുതിക്കളയരുത്. നിരാശനാണെങ്കിൽ ഞാനിത്രയും സന്തോഷത്തോടെ എന്റെ വസ്തുവകകളും എന്നെത്തന്നെയും ഇങ്ങനെ എഴുതിത്തള്ളുമോ?അങ്ങേയറ്റം അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും, അതിലേറെ സംതൃപ്തിയോടെയുമാണ് ഞാനിത് എഴുതുന്നത്.നമ്മള് മരിച്ചു കഴിഞ്ഞ്,വീട്ടുകാരും ബന്ധുക്കാരും തമ്മിത്തല്ലുണ്ടല്ലോ.അതുകൊണ്ട് തെളിഞ്ഞ ബോധത്തോടെ ഒരു ഒസ്യത്തങ്ങ് എഴുതിയേക്കാമെന്ന തീരുമാനിക്കുകയായിരുന്നു.

മുദ്രപത്രം വാങ്ങാനും,വെണ്ടറെ കണ്ട് കാര്യം പറഞ്ഞ് മനസിലാക്കി,കുറിപ്പ് എഴുതികൊടുക്കാനും, മെനക്കെടാനുമൊന്നും നേരമോ താൽപര്യമോ ഇല്ല.ഫേസ് ബുക്ക് പേജിലും,ഇൻസ്റ്റഗ്രാമിലുമായി,ഞാൻ കുറിക്കുന്ന ഈ വാക്കുകൾ എന്റെ ആധികാരിക ഒസ്യത്തായി എന്റെ ഭാര്യയും മകനും മറ്റ് ബന്ധുജനങ്ങളും സുഹൃത്തുക്കളും അംഗീകരിക്കണമെന്ന അപേക്ഷിക്കുന്നു.

ഞാൻ എഴുതിവെയ്ക്കുന്ന ഈ ഒസ്യത്ത് പ്രകാരം,എങ്ങനെ മരിച്ചാലും,കേട്ടുപാടുകൾ കൂടാതെ ബാക്കിയാവുന്ന എന്റെ സർവ്വമാന അവയവങ്ങളും,ആവശ്യക്കാരായ,ഏറ്റവും നിർദ്ധനരായ

ഗതിയില്ലാത്ത,രോഗികൾക്ക് ദാനമായി നൽകേണ്ടതാണ്.
കണ്ണുകൾ,വൃക്കകൾ,കരൾ,(ബാക്കിയുണ്ടെങ്കിൽ) ഹൃദയം,(അത് ഞാൻ അവസാനം വരെ സൂക്ഷിക്കാൻ ശ്രമിക്കാം.) തൊലി, (നല്ല കറുപ്പായതുകൊണ്ട് ആവശ്യക്കാർ കുറയാൻ സാധ്യതയുണ്ട്.)ശരീരത്തിനകത്തും പുറത്തുമായി അവശേഷിക്കുന്നതെല്ലാം ഈ ഒസ്യത്ത് പ്രകാരം ആവശ്യക്കാർക്ക് എന്റെ മാത്രം തീരുമാനപ്രകാരം ഇഷ്ടദാനം നൽകുന്നു.

ഞാനൊരു ക്രിസ്ത്രീയ നാമധാരിയാണെന്നതുകൊണ്ട്, (എനിക്ക് പേരിട്ടത് ഞാനല്ലല്ലോ) എന്റെ മരണ ശേഷം,ഒപ്പീസ്, കുർബ്ബാന,പള്ളീലച്ചന്റെ പ്രസംഗം,കുന്താശ,കൂടേ ാത്രം,കപ്യാരുടെ പുക, വായിൽ കുന്തിക്കമിടൽ ഇത്യാദി മതാചാര കലാപരിപാടികളൊന്നും പാടില്ലാത്തതാകുന്നു.



എന്റെ അന്ത്യാഭിലാഷങ്ങൾ താഴെ പറയുന്നവയാണ്. എല്ലാവർക്കും ദാനം ചെയ്തു കഴിഞ്ഞ് ബാക്കിയാവുന്ന എല്ലും,മുള്ളും മറ്റവശിഷ്ടങ്ങളെല്ലാം കൂടി വാരിക്കൂട്ടി,പെട്രോൾ ഒഴിച്ച് തീ കൊടുക്കേണ്ടതാണ്.'
ഇപ്പോൾ ഞാനിതു കൂടി എഴുതിയില്ലെങ്കിൽ,അമ്മയെ അടക്കം ചെയ്ത പള്ളിസെമിത്തേരിയിൽ ത്തന്നെ എന്നെയും അടക്കണമെന്ന് എന്റെ പ്രിയപ്പെട്ടവർ വാശിപിടിക്കും.അവരുടെയൊക്കെ വിചാരം അമ്മ ആ കല്ലറക്കകത്താണെന്നാ.അമ്മ എന്റെ ഹൃദയത്തിലാണെന്ന് എനിക്കല്ലേ അറിയൂ. ചിലപ്പോൾ പള്ളിക്കാര് പറയുന്ന പൊന്നുംവില കൊടുത്ത് കല്ലറ വാങ്ങിച്ചെന്നുമിരി
ക്കും.അതൊഴിവാക്കാനാണ് മേൽപ്പറഞ്ഞ പെട്രോൾ പ്രയോഗം ഞാൻ നിർദ്ദേശിക്കുന്നത്.

ഞാൻ കഷ്ടപ്പെട്ടു പഠിച്ചും,അപമാനങ്ങൾ സഹിച്ചും നേടിയ ജോലി,എന്റെ ജോലി ഭാര്യക്കോ മകനോ നൽകേണ്ടതില്ല.ജീവിച്ചുപോകാൻ,വളരെ ഇഷ്ടത്തോടെ അവൾ ചെയ്യുന്ന ഒരു ജോലിയു ണ്ടല്ലോ,അതു മതിയാവും.ഡൈയിംഗ് ഹാർനെസിനെക്കുറിച്ച് ഞാൻ പലപ്പോഴായി സൂചിപ്പിച്ചപ്പോ ൾ 'നിങ്ങൾ മരിച്ചിട്ട് നിങ്ങളുടെ ജോലികൊണ്ട് എനിക്കെന്തു കാര്യം'എന്ന് ധിക്കാരത്തോടെ അവൾ പറഞ്ഞിട്ടുണ്ട്.സംഗതി മറ്റൊന്നുമല്ല,അവൾക്ക് 'ആഗ്ളോ ഫോബിയ' അഥവാ ഇംഗ്ലീഷോജ്വരം എന്ന ചെറിയൊരു രോഗാവസ്ഥയുണ്ട്.

എല്ലാ സുഖദുഃഖങ്ങിലും പ്രതിസന്ധികളിലും ഒപ്പമുണ്ടായിരുന്നവളല്ലേ. അപമാനങ്ങൾ, വേദനകൾ, നഷ്ടങ്ങൾ,ദുരിതങ്ങൾ എന്തെല്ലാം അവൾ സഹിച്ചു.എന്നിട്ടും സ്നേഹിക്കുന്നു, സ്നേഹിച്ചുകൊണ്ടേയി രിക്കുന്നു.തേനിച്ചകൾ തേൻ ശേഖരിച്ചു വെച്ചിരിക്കുന്നതുപോലെ,എനിക്കായി ഇത്രയും സ്നേഹം ഇവൾ എവിടുന്ന് ശേഖരിച്ചെടുത്തു.എന്തു കൊടുത്താലാണ് പകരമാവുക.?എന്റെ സ്വത്തുവകകൾ എല്ലാം അവൾക്ക് മാത്രമാണ്;എന്റെ സ്നേഹംപോലെ.അവശേഷിക്കുന്ന ജംഗമ-സ്ഥാവര വസ്തുവക കളും അവൾക്ക് മാത്രം അവകാശപ്പെട്ടതായിരിക്കും.

മകൻ,
അവൻ കുഞ്ഞല്ലേ,പഠിച്ച് മിടുക്കനാവട്ടെ.ജീവിച്ചിരിക്കുന്നത്ര കാലം പഠിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കും.ബാക്കിയെല്ലാം അവന്റെ ബുദ്ധിയും യുക്തിയും,തന്റേടവും പോലെയാവട്ടെ. എന്റെ ഭാര്യയെ,അതായത് അവന്റെ അമ്മയെ അവസാനകാലംവരെ സംരക്ഷിച്ചാൽ മാത്രമേ വീടിനും,എന്റെ സ്വത്തുവകകൾക്കും മേൽ എന്റെ മകന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

നാട്ടിൽ 15 സെന്റ് സ്ഥലം ഉള്ളത് അറിയാമല്ലോ.അത് എന്റെ അമ്മായിയമ്മയുടെ പേരിൽ എഴുതി കൊടുക്കണം.എതിർപ്പുകൾ ഉണ്ടാവും.എന്റെ ആഗ്രഹമതാണ്.എന്റെ അമ്മ മരിച്ചതിനു ശേഷം, അമ്മ തന്നെയാണ് അവരെനിക്ക്.ഇക്കാലമത്രയും എനിക്ക് ഭക്ഷണമുണ്ടാക്കിത്തന്നതും,
ഒരു ദിവസം മുടങ്ങാതെ രാവിലെ കാപ്പിയുണ്ടാക്കി തരുന്നതും,പത്രം വായിക്കാനിരിക്കുമ്പോൾ പാൽച്ചായയും, മുട്ട പുഴുങ്ങിയതും തന്നതും, എത്ര വേണ്ടന്ന് പറഞ്ഞാലും ഉടുവസ്ത്രങ്ങൾ അലക്കി തന്നതും,അവരായായിരുന്നു.

അവരുടെ മരണശേഷം മാത്രം ആ വസ്തു പൊതുശ്മശാനത്തിനായി പതിച്ചുകൊടുക്കേണ്ടതാണ്.കുറച്ച് മണ്ണ് മോഹിച്ച് അലമ്പൊണ്ടാക്കാൻ വരുന്നവർക്ക്എന്തെങ്കിലുംമനസ്സാക്ഷിയുണ്ടെങ്കിൽ ഞാൻ പറഞ്ഞപോലെ ഈ കാര്യം ചെയ്യണം.അതല്ലേ അതിന്റെയൊരു ശരി.?

ഈ വസ്തുവിന്റെ കാര്യം ഞാൻ ഇത്ര വിശദമായി പറഞ്ഞിട്ടും,15 സെന്റിന്റെ പേരിൽ,വല്ല മുറുമുറുപ്പോ കശപിശയോ തമ്മിൽ തല്ലോ ഉണ്ടാകുന്ന ഘട്ടം വന്നാൽ,ഏറ്റവും കൂടുതൽ ആഗ്രഹം തോന്നിയവർ അത് സ്വയം എഴുതിയെടുക്കുകയോ,വിറ്റ് കാശാക്കി വീതിച്ചെടുക്കുകയോ ചെയ്യാം. എന്റെ ചാരത്തിന് നിങ്ങളെ ഒന്നും ചെയ്യാൻ പറ്റാത്തോണ്ട് നിങ്ങൾക്കൊന്നെ പേടിയില്ലെന്നറിയാം.

പക്ഷേ,അന്നുവരെ അന്ധനായിരുന്ന ഏതോ ഒരു മനുഷ്യന്റെ കണ്ണുകളിലിരുന്ന് എന്റെ റെറ്റിന എല്ലാം കാണുന്നുണ്ടാവും.ഏതോ ഒരു പാവപ്പെട്ടവന്റെ നിലച്ചു പോകേണ്ടിയിരുന്ന ചങ്കിനുള്ളിൽ കയറിയിരുന്ന് എന്റെ ഹൃദയം പടപടാ മിടിക്കുന്നുണ്ടാവും.ഞാൻ പകുത്തു നൽകിയ കരൾ ആരിലൊക്കെയോ തുടിക്കുന്നുണ്ടാവാം.എന്റെ രണ്ടു വൃക്കകളും ഒരുവന്റെ രക്തത്തിലെ മാലിന്യ ങ്ങളെ അരിച്ചുമാറ്റിക്കൊണ്ട് സദാ ഉണർന്നിരിക്കുന്നുണ്ടാവുമെന്ന് നിങ്ങൾ മറക്കരുത്. അതായത്,മരിക്കുന്നതുവരെ ഒന്നായിരുന്ന ഞാൻ,മരണത്തോടെ ഒരാളല്ല, പലരായി ഉയർത്തെഴുന്നേൽക്കുമെന്ന് നിങ്ങൾ ഓർത്തു കൊള്ളുക.
ഞാനീ എഴുതിയതൊന്നും തമാശയായി തള്ളിക്കളയരുതെന്ന് അപേക്ഷ.
I am very very serious.സ്വന്തം മരണവുമായി ബന്ധപ്പെടുത്തി,വളരെ ഉത്തരവാദിത്വമുള്ള കാര്യത്തിന് ആരെങ്കിലും തമാശ പറയുമോ.?

സോഷ്യൽ മീഡിയ നല്ലൊരു പ്ലാറ്റ്ഫോമായതുകൊണ്ട് ഞാനതുപയോഗിക്കുന്നു എന്നു മാത്രം. നമ്മുടെ പോസ്റ്റ്,ചിലപ്പോൾ അതൊരു കൊടിച്ചിപ്പട്ടിയെപ്പോലെ ചന്തനിരങ്ങി കറങ്ങി നടക്കുകയോ മറ്റുചിലപ്പോൾ ചൂടൻ ചർച്ചകൾക്ക് വഴിമരുന്നിടുകയോ ചെയ്തേക്കാം. ഫേയ്സ്ബുക്കുകാര് വർഷാവർഷം കൃത്യസമയത്ത് നമ്മുടെ പോസ്റ്റുകൾ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കും.ഒന്നുമില്ലെങ്കിലും കാലങ്ങളോളം ഇതവിടെ ഒരു തെളിവായി അവശേഷിക്കുമല്ലോ. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഒരു മാർഗ്ഗം സ്വീകരിക്കുന്നത്.

എന്നെ സ്നേഹിക്കുന്ന ഏതെങ്കിലും സുഹൃത്തുക്കൾ ബാക്കിയുണ്ടെങ്കിൽ,(ഒരു വിധപ്പെട്ടവൻമാരെ യാക്കെ പരമാവധി വെറുപ്പിച്ചിട്ടുണ്ട്) ദയവായി ഈ പോസ്റ്റ് സേവ് ചെയ്ത് സൂക്ഷിക്കണം.ഇതിന്റെ ഒരു കോപ്പി എന്റെ മെയിൽ ഡ്രൈവി ൽ കിടപ്പുണ്ടാവും.ഭാവിയിൽ തർക്കമോ,സംശയമോ വല്ലതും വന്നാൽ,നിങ്ങൾ സുഹൃത്തുക്കൾക്ക് എന്റെ കുടുംബത്തെയും,എന്റെ മൃതശരീരത്തെയും സഹായിക്കാൻ എളുപ്പമാകുമല്ലോ.

എന്ന് വിശ്വസ്തതയോടെ,
ജീവൻ,
ഒപ്പ്.

ഇത്രയുമെഴുതി ഒരാവർത്തി വായിച്ച്, ചില മിനുക്കുപണികൾ നടത്തി.സോഷ്യൽ മീഡിയ പ്ലാറ്റ്ഫോ മുകളിലൊക്കെ പോസ്റ്റ് ചെയ്തു.ഒരു കോപ്പി മെയിൽ ഡ്രൈവിൽ സേവ് ചെയ്തു.

മൂന്നു മണിയാകുന്നതേയുള്ളു.അന്തമില്ലാതെ പടർന്നു കിടക്കുന്ന ആകാശം അയാൾക്കു നേരെ കൈകൾ വിരിച്ചു പിടിച്ചു.എണ്ണമറ്റ നക്ഷത്രങ്ങൾ ഉറക്കം കലങ്ങിക്കിടന്ന കണ്ണുകൾകൊണ്ട്
ചാഞ്ഞും ചെരിഞ്ഞും നോക്കി.രാത്രി മുഴുവൻ കടലിനോടു മല്ലടിച്ചു മടങ്ങിപ്പോവുകയായിരുന്ന കാറ്റ് പുലർകാല തെന്നലായി രൂപം മാറി വന്ന് അയാളുടെ മുടിയിഴകളിൽ തഴുകി.

സുന്ദരിയായ ഭാര്യയും,കുഞ്ഞും ഒന്നുമറിയാതെ സുഖസുഷുപ്തിയിലായിരുന്നു.
അവരെയൊന്നു തിരിഞ്ഞു നോക്കാതെ അയാൾ പടിയിറങ്ങി.
രാത്രിയുടെ ചവിട്ടേറ്റു ചതഞ്ഞുകിടന്ന ഇരുട്ടിലൂടെ അയാൾ നടന്നു.യുദ്ധത്തിൽ ശത്രുവിന്റെ വെട്ടേറ്റ് പല കഷണങ്ങളായി പിളർന്ന് തെറിച്ച പരിചപോലെ,ആകാശത്ത് ചന്ദ്രൻ തിളക്കമറ്റു നിന്നു.വനത്തെ നെടുകെ മുറിച്ചുകൊണ്ടു കടന്നുപോകുന്ന വിജനമായ റോഡരികിലെ,പണ്ടെന്നോ ആളുകൾ ഉപേക്ഷിച്ചുപോയ പഴയൊരു സത്രത്തിനു മുന്നിൽ,ഏതോ ഒരു ദിക്കുനോക്കി അയാൾ ഏറെ നേരം നിന്നു.പിന്നെ പ്രതീക്ഷയുടെ മുനമ്പിൽ തെളിഞ്ഞു കത്തുന്ന പ്രഭാതനക്ഷത്രം നോക്കി മുന്നോട്ട് നടന്നു.

# പുണ്യകർമ്മം



വൈഗ ഹരീന്ദ്രൻ

മുറ്റത്ത് നല്ല മഴ. വീടിൻറെ ഒരു മൂലയിൽ തണുത്ത മഴത്തുള്ളിയെ നോക്കി ഇരിക്കുമ്പോൾ അകത്തുനിന്ന് അമ്മ വിളിച്ചു .മോളെ കഞ്ഞി വിളമ്പി വച്ചിട്ടുണ്ട് .ചൂടുള്ള കഞ്ഞി വന്നു കഴിക്കൂ. വരാം അമ്മേ അമ്മയുടെ വിളിക്ക് പ്രാധാന്യം കൊടുക്കാതെ പിന്നെയും മഴത്തുള്ളിയും നോക്കിയിരുന്നു .എൻറെ കണ്ണ് മരച്ചുവട്ടിലേക്ക് നീണ്ടു. രണ്ടുദിവസമായി പെയ്തുകൊണ്ടിരിക്കുന്ന മഴ കാരണം പുറത്തിറങ്ങാൻ പറ്റാതെ വിശന്നിരിക്കുന്ന കാക്കകൾ കൂട്ടിൽ വാവിട്ടു കരയുന്നു .കാക്ക കുഞ്ഞുങ്ങൾ മഴയിൽ പറന്നു പോകാൻ പറ്റാതെ വിശന്നു തളർന്നിരിക്കുന്നു.വലിയ കാക്കൾ കുഞ്ഞുങ്ങൾക്ക് എന്ത് നൽകണം എന്നറിയാതെ ചുറ്റും നോക്കിയിരിക്കുകയാണ് .ആകാശത്ത് കനത്ത മഴമേഘങ്ങൾ അടുത്തൊന്നും മഴ നിൽക്കില്ല .വൈകുന്നേരം ആയാൽ പിന്നെ ഒന്നും കിട്ടില്ല. ഞാൻ മറ്റൊന്നും നോക്കിയില്ല അമ്മ കാണാതെ അകത്തെ കഞ്ഞിയെടുത്ത് മരിച്ചുവട്ടിലേക്ക് പോയി .കാക്കയുടെ താഴെ വെച്ചുകൊടുത്തു തിരിച്ചുപോന്നു .കുറച്ചു കഴിഞ്ഞ് ഞാൻ വരച്ചുവിട്ടിൽ നോക്കിയപ്പോൾ ഞാൻ കൊണ്ടുപോയി വച്ച് കഞ്ഞി തെരുവുനായ കുടിച്ചു തീർത്തിരിക്കുന്നു. ആ നായയും കുറേ ദിവസമായി ഭക്ഷണം കഴിച്ചിട്ട് എന്ന് തോന്നുന്നു. ഞാൻ അകത്ത് ചെന്ന് കുറച്ചു കഞ്ഞി കൂടി എടുത്തു കാക്ക കൊടുക്കാൻ പോകുമ്പോൾ അമ്മ എന്നെ നോക്കി പറഞ്ഞു മുഴുവൻ എടുക്കല്ലേ കുറച്ചു കൂടെയിലുള്ള പൂച്ചയ്ക്കും കൂടി വെക്കണേ..... അത് കേട്ടപ്പോൾ എനിക്ക് അമ്മയോട് ഒന്നുകൂടി സ്നേഹം കൂടി നമ്മുടെ വിശപ്പ് പോലെ തന്നെയല്ലേ മറ്റുള്ള ജീവികളുടെയും വിശപ്പ് .ഒരു നേരത്തെ വിശപ്പ് മാറ്റാൻ കഴിഞ്ഞാൽ അതല്ലേ ഒരു പുണ്യകർമം എന്ന് അമ്മുമ്മ പറയുന്നത് വെറുതെയല്ല .എൻറെ പൂർവ്വികരുടെ ഗുണം എനിക്കും കിട്ടിയതിൽ സന്തോഷിച്ചുകൊണ്ട് കഞ്ഞിയെടുത്ത് കാക്കയ്ക്ക് വാരിയെറിഞ്ഞു ......മഴ കുറഞ്ഞു...... എൻറെ മനസ്സും ശാന്തമായി .



# നക്ഷത്ര

കരിനിഴൽ വീഴും കറുത്ത കാലത്തിൽ പിറന്നുവീണു നീ നക്ഷത്രക്കണ്ണുള്ള രാജകുമാരി.....
പിറവിയെടുത്ത നാൾ തൊട്ടേറെ വാത്സല്യം ചൊരിഞ്ഞ നിൻ മാതാപിതാക്കൾ,
വാനോളം സ്വപ്നങ്ങൾ കാണുവാനേറെ പഠിപ്പിച്ച നിൻ താതൻ...
പക്ഷേ, കൊയ്തു കളഞ്ഞില്ലേ നിൻ ജീവൻ നിൻ താതൻ.
സ്നേഹം നടിച്ചു നിന്നരികിൽ വന്നപ്പോൾ നീ അറിഞ്ഞില്ലല്ലോ മകളേ
കൊടുവാളുമായ് നിൻ ശിരസ്സു ഛേദിക്കാനാണെന്ന സത്യം.
നീ അറിഞ്ഞില്ല നിൻ സ്വപ്നങ്ങളിൽ കരിനിഴൽ വീഴുമെന്ന്.
താതന്റെ ക്രൂരാഗ്നിയിൽ പെട്ട നേരം,
ജീവനായ് കേഴുന്ന നേരത്ത് പോലും,
വിറച്ചില്ല നിൻ താതന്റെ ക്രൂരമാംകൈകൾ....
ഇതെന്തു കാലം ! ഇതെന്തു വിധി !
ഈ കലിയുഗത്തിൽ തൻ ചോരയിൽ പിറവികൊണ്ടോരോരോ
മക്കളേയും അറ്റുവീഴ്ത്തുന്ന മാതാപിതാക്കൾ.
മയക്കുമരുന്നിൽ അടിമയായച്ഛൻ ദുഷ് ചെയ്തി കാട്ടി
തൻ പ്രിയ പുത്രിയെ വരുംകാലങ്ങളിൽ ഇല്ലാതിരിക്കട്ടെ
ഇത്തരമോരോ മനുഷ്യചെന്നായ്ക്കൾ,
ക്രൂരമാം വിധിയിൽ പെട്ടൊരു നക്ഷത്രക്കുഞ്ഞ്
ഏറെ സ്വപ്നങ്ങൾ ബാക്കി വച്ചങ്ങോ കൺചിമ്മി....
ഈ കാലത്തിൻ കാണാക്കയങ്ങളിൽ പോയ് മറഞ്ഞു.....

അഷിക മാലോട്ട്
9th A





# അമ്മയുടെ സ്നേഹം

മിൻഹ ഫാത്തിമ
8 സി

ഒരു ശാന്തമായ തടാകം തടാകക്കരയിലും ചുറ്റിലുമുള്ള മരങ്ങളിലുമായി അനേകം പക്ഷികൾ വസിച്ചിരുന്നു. ആ കൂട്ടത്തിൽ താറാവുകളുടെ ഒരു കുടുംബം ഉണ്ടായിരുന്നു. അമ്മ താറാവ് തന്റെ കുട്ടികളെ നീന്തുവാനും ഭക്ഷണം തേടുവാനും പഠിപ്പിച്ചു തുടങ്ങി. എങ്ങും സന്തോഷം നിറഞ്ഞുനിന്നു. അമ്മ താറാവും കുഞ്ഞുങ്ങളും തടാകത്തിൽ നീന്തികളിച്ചും തടാകക്കരയിൽ ഉല്ലസിച്ചുന്ടന്നുപോകുന്നു. ജീവിതം എല്ലാ അർത്ഥത്തിലും അവർ ആസ്വദിച്ചുകൊണ്ടിരുന്നു. അമ്മ താറാവ് സൂപ്പർശാലിയായ ഒരു കുറുക്കൻ അവിടെയൊക്കെ കറങ്ങി നടക്കുന്നത് കണ്ടു. അതിവേഗം മക്കളുടെ അടുത്ത് ഓടിയെത്തി അവൾ പറഞ്ഞു "കുഞ്ഞുങ്ങളെ ഇവിടെ ഒരു കുറുക്കൻ കറങ്ങി നടക്കുന്നുണ്ട് തടാകത്തിൽ നിന്ന് പുറത്തുവരുമ്പോൾ സൂക്ഷിക്കണം, അവൻ നിങ്ങളെ ഉപദ്രവിച്ചേക്കും." മക്കൾ പറഞ്ഞു "ഞങ്ങൾ നോക്കിക്കോള്ളാമമ്മേ." അപകടകാരിയായ കുറുക്കനിൽ നിന്നും മക്കളെ കാത്തുസൂക്ഷിക്കുന്നതിനായി അമ്മ താറാവെപ്പോഴും ശ്രദ്ധിച്ചുപ്പോന്നു. അടുത്ത ദിവസം അമ്മ കണ്ടത് തന്റെ മക്കൾക്ക് തൊട്ടരികിൽ പതുങ്ങിയി രിക്കുന്ന കുറുക്കനെയാണ്. മക്കളെല്ലാം വെള്ളത്തിലേക്ക് ചിറകടിച്ചുച്ചാടുന്നത് അവൾ കണ്ടു. അവസാനം നിമിഷം വരെ കാത്തിരുന്ന് അവൾ തന്റെ എല്ലാ ശക്തിയും സംഭരിച്ച് വെള്ളത്തിലേക്ക് ചാടി. കുറുക്കനെ പിടികിട്ടിയില്ല. കുറുക്കൻ വെള്ളത്തിൽ വീണു.

അമ്മത്താറാവും മക്കളും വെള്ളത്തിൽ നീന്തിത്തുടിക്കുന്നു ഇളിഭ്യനായ കുറുക്കൻ ഭക്ഷണം തേടി മറ്റെവിടേക്കോ നടന്നു നടന്നകന്നു.



# ദൈവം തന്ന നിധി



മാന്യ കെ

ഒരു നാട്ടിലെ പ്രധാന കൃഷിപ്പണിക്കാരനായിരുന്നു മധു. മധുവിന്റെ ഭാര്യ ഗർഭിണിയായിരുന്നു. ഓരോ വീട്ടിലും പോയി തെങ്ങിൻ തൈയും വാഴക്കന്നും ഒക്കെ നട്ടാൽ അയാൾക്ക് നല്ല കൂലി കിട്ടുമായിരുന്നു .അയാൾക്ക് ജീവിക്കാനുള്ള പണം കൃഷിപ്പണിയിലൂടെ തന്നെ അയാൾക്ക് കിട്ടുമായിരുന്നു .

ഒരു ദിവസം മധു പതിവുപോലെ ജോലി കിട്ടി ഒരു വീട്ടിൽ പോയി. ആ വീട്ടിലുള്ള ഉടമയാളെ പോലെ ഒരു കൃഷിക്കാരനായിരുന്നു പക്ഷേ അയാൾ തികഞ്ഞ മദ്യപാനിയായിരുന്നു. മദ്യപാനി ആയതുകൊണ്ട് കാരണം ആരും ജോലിക്ക് വിളിച്ചിരുന്നില്ല .മദ്യപാനിയായ കർഷകൻ ഒരു ദിവസം അയാളുടെ ഭാര്യയോട് മദ്യം മേടിക്കാൻ പണത്തിനു ചോദിച്ചു . ഭാര്യ കൊടുത്തില്ല .അയാൾക്ക് കോപം വന്നു അതേ സമയം മധുവിന് കൂലി കൊടുക്കുന്നത് കണ്ടു അയാൾക്ക് അസൂയ തോന്നി .അന്ന് രാത്രി അയാളുടെ ഭാര്യയും അയാളും വഴക്കായി .അടുത്ത ദിവസം മധു ആ വീട്ടിൽ തന്നെ പണിയെടുക്കാൻ പോയി .മദ്യപാനിയായ അയാൾ അയാളുടെ കുട്ടിയുടെ മാല മോഷ്ടിച്ച് എന്നിട്ട് ആ മാല മധുവിന്റെ സഞ്ചിയിൽ കൊണ്ടു വച്ചു .എന്നിട്ട് പറഞ്ഞു മധുവാണ് അത് മോഷ്ടിച്ചത്. അയാളുടെ ഭാര്യ അത് വിശ്വസിച്ചു . മധു പറഞ്ഞു ഞാൻ എടുത്തിട്ടില്ല . അയാൾ മധുവിനെ ഒരുപാട് വഴക്കു പറഞ്ഞു .ശബ്ദം കേട്ട് നാട്ടുകാർ ഓടി വന്നു .നാട്ടുകാരിൽ ഒരാൾ പറഞ്ഞു അത് നിനക്ക് നിൻറെ കുടുംബത്തിനും ജീവിക്കാനുള്ള പണം നീ ജോലി ചെയ്തു ഉണ്ടാക്കുന്നില്ലേ. പിന്നെ നീ എന്തിനാ മാല മോഷ്ടിക്കാൻ പോയത്. മധു പറഞ്ഞു പട്ടിണികിടന്നാലും ഒരു കള്ളവും ചെയ്യുന്നില്ല കാരണം ഞങ്ങളെ പോലെ തന്നെയാണ് ഈ കുടുംബവും ദാരിദ്ര്യം എനിക്കുമറിയാം .”എൻറെ കുട്ടിയുടെ മാല മോഷ്ടിച്ചത് മധു തന്നെയാണ് ഞാൻ എൻറെ കണ്ണുകൊണ്ട് കണ്ടതാണ്” പറഞ്ഞു അതും പറഞ്ഞ് അയാൾ മധുവിന്റെ സഞ്ചി നോക്കി .അതിൽ നിന്നും അയാൾക്ക് മാല ലഭിച്ചു.അത് എടുത്ത് അയാൾ നാട്ടുകാർക്ക്

കാണിച്ചുകൊടുത്തു .നാട്ടുകാർ വിശ്വസിച്ചു. ഒന്നും മിണ്ടാതെ എല്ലാവരും പോയി .പിന്നീട് ആരും മധുവിനെ ജോലിക്ക് വിളിച്ചില്ല .കുറച്ചുദിവസം കഴിഞ്ഞപ്പോൾ മധുവിന്റെ ഭാര്യ പ്രസവിച്ചു .അങ്ങനെ കുറെ വർഷങ്ങൾ കഴിഞ്ഞ് മധുവിന്റെ മകൾ ഒമ്പതാം ക്ലാസിൽ പഠിക്കുന്നു .അവളുടെ പേര് ശ്രേയ എന്നായിരുന്നു. ജോലി ഇപ്പോഴും കൃഷി തന്നെയായിരുന്നു. പക്ഷേ മധുവിനെ ആരും ജോലിക്ക് വിളിച്ചില്ല .മധു വീട്ടിൽ തന്നെ കൃഷി ചെയ്ത് അതിൽ നിന്നും പണം ഉണ്ടാക്കി .ആ പണം വീട്ടു ചെലവിന് മാത്രമേ തികയുള്ളൂ .ശ്രേയ കുറേ ദിവസം സ്കൂളിൽ പോകാതിരുന്നു. കാരണം പഠിക്കാനും യൂണിഫോം വാങ്ങാനുള്ള പൈസ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഒരു ദിവസം അവളുടെ സ്കൂളിലെ ടീച്ചർ അവളുടെ വീട്ടിൽ വന്നു ചോദിച്ചു എന്തുകൊണ്ടാണ് സ്കൂൾ വരാത്തത് അപ്പോൾ മധുവിൻറെ വീട്ടിലെ ദാരിദ്യത്തെ കുറിച്ച് പറഞ്ഞു .ടീച്ചർ പറഞ്ഞു ഞാൻ ഇവളെ പഠിപ്പിക്കാം.പിന്നെ ശ്രേയ സ്കൂളിൽ പോകാൻ തുടങ്ങി.അങ്ങനെ അവൾ പഠിച്ച് കലക്ടർ ആയി .അവരുടെ കുടുംബത്തിന് നല്ലൊരു ജീവിതം കൊടുത്തു .അവളുടെ അമ്മ പറഞ്ഞു അവൾ ദൈവം തന്ന നിധിയാണെന്ന്





# മാധവന്റെ അമ്മ

മാധവനില്ലയോ..... ഓടികിതച്ച കാലുകളോടെ തപാൽക്കാരൻ മുറ്റത്തു നിന്ന് ചോദിച്ചു. വീടിന്റെ ഉമ്മറത്തിണ്ണയിൽ ഇരുന്ന് സംസാരിക്കുകയായിരുന്ന ശാന്തയും ദാമുവും .ശബ്ദം കേട്ട് മുറ്റത്തേക്കു നോക്കി 'ആരാ.. എന്താ വേണ്ടത്?' ദാമു സംശയത്തിന്റെ നേരിയ നിഴലോടെ തപാൽക്കാരനെ അടിമുടി വീക്ഷിച്ചുകൊണ്ട് ചോദിച്ചു. "ഇത് മാധവനാണ്, തിരുവനന്തപുരത്തുനിന്ന് ഒരു കത്ത് " തപാൽക്കാരൻ അക്ഷമയോടെ പറഞ്ഞു. ഹാ! അവന്റെ ജോലിക്കത്താണെന്ന് തോന്നുന്നു. എനിക്ക് തന്നോളൂ. ഞാൻ അവന്റെ അച്ഛനാണ്. ദാമു തിണ്ണയിൽ നിന്നു എഴുന്നേറ്റ്കൊണ്ട് പറഞ്ഞു. കത്ത് നൽകികൊണ്ട് അയാൾ പോയി 'എന്താദ് ദാമുവേ്യാ'? ശാന്ത ചോദിച്ചു 'നോക്കട്ടെ, എവിടെ എന്റെ കണ്ണട, 'ങ്' ദാമു കത്ത് തുറന്നു നോക്കി അതെ അവന്റെ നിഗമനം ശരിയായിരിക്കുന്നു. മാധവനുള്ള ജോലികത്തു തന്നെ. അവൻ മിടുക്കാനാണ്. ഇത്രയും വേഗം നല്ല ശബളമുള്ള ജോലി ലഭിച്ചല്ലോ. ദാമു അഭിമാനത്തോടെ ചിന്തിച്ചു ' ശാന്തേ, ഇത് മാധവന്റെ ജോലികാര്യത്തെ കുറിച്ചാണ്, അങ്ങ് തിരുവനന്തപുരത്ത് ഹെഡ്ക്ലാർക്കായി ജോലി കിട്ടിട്ടുണ്ടെന്ന്.' അതെയോ, നല്ലതു തന്നെ, അവൻ പഠിച്ചതിനു ഫലമുണ്ടായല്ലോ' അല്ല എന്നിട്ട് ഈ മാധവനെവിടെ? അവനെ ഒന്നിങ്ങ് കാണട്ടെ മാധവാ... മാധവാ നീ അകത്ത് എന്തെടുക്കുവാ! ദേ നിനക്ക് ഒരു ജോലി ശരിയായെന്ന്, നീ ഇങ്ങ് വന്നെ. നടുമുറ്റത്തെ ചുമരിൽ തൂക്കിയ ഒരു സ്ത്രീയുടെ ചായ ചിത്രത്തിലേക്ക് നോക്കി നിൽക്കുകയായിരുന്നു അവൻ. ചിത്രത്തിനു മുന്നിൽ ചാർത്തിയ പൂവിന് നല്ല ഗന്ധം. രാവിലെ കത്തിച്ച ചന്ദനത്തിരിയുടെ മണം ഇപ്പോഴും പോയിട്ടില്ല. അവൻ നിർന്നിമേഷനായി ആ ബിംബത്തെ നോക്കി. 'മാധവാ നീ ഇത് എന്തെടുക്കുവാ.... ദേ നിനക്ക് തിരുവനന്തപുരത്ത് ക്ലാർക്കായി നിയമം കിട്ടിന്ന്! ദാമു അവന്റെ ചുമലിൽ സ്പർശിച്ചുകൊണ്ട് പറഞ്ഞു അവൻ മറുപടി പറയാതെ ദൂരത്തേക്ക് നോക്കി ' അമ്മയുണ്ടായിരുന്നെങ്കിൽ'.... അവൻ ഖേദത്തോടെ ഓർത്തു. മാധവന്റെ അമ്മ മരിച്ചിട്ട് അധികം നാളായില്ല. ഒരുപാട് കാലമായി അമ്മ കാണണം

എന്ന് പറയാൻ തുടങ്ങിയിട്ട്. പക്ഷേ കോളേജിൽ നിന്നും നാട്ടിലേക്ക് വരാനുള്ള തന്റെ മടി കാരണം അമ്മയെ കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞദിവസം അമ്മയുടെ മരണവാർത്ത അച്ഛൻ വിളിച്ചു പറഞ്ഞപ്പോ..... അവന്റെ ചിന്തകൾ മുറിഞ്ഞു. അമ്മേ... ഈ മകൻ ചെയ്തത്... അമ്മ അയച്ച കത്തുകൾക്ക് ഞാൻ മറുപടി തന്നില്ല. കോളേജു സുഹൃത്തുക്കൾക്കൊപ്പം ചെയ്യാത്തതുകൾ ചെയ്തു. സ്വന്തം അമ്മയുടെ സ്വർണം മോഷ്ടിച്ച്, ചൂതുകളിച്ച് നശിപ്പിച്ചു. പാപിയാണ് താൻ.. സ്വന്തം അമ്മയെ വേദനിപ്പിച്ച് കൊന്ന പാപി... അവൻ മനസ്സാൽ കരഞ്ഞുകൊണ്ട് പശ്ചാതാപവിവശനായി. കുറ്റബോധം കാരണം അവൻ തലയുയർത്തി അച്ഛനെ നോക്കിയില്ല. കത്തുവാങ്ങി കയ്യിൽ തിരുപ്പിടി പ്പി ച്ചുകൊണ്ടിരുന്നു. ദാമു ഉമ്മറത്തേക്ക് തിരികെ വന്നു. ' എവിടെ മാധവൻ...'? ശാന്ത ആകാംക്ഷയോടെ ചോദിച്ചു.' അവൻ വന്നിരുന്നില്ല... അവന് ഇപ്പോഴും രാധയുടെ മരണം വിട്ടുമാറിയിട്ടില്ല. അവളുടെ ചിത്രത്തെ നോക്കിയിരിക്കുവാ...' ' അതെ... അവൾക്ക് ഒരുപാട് ഇഷ്ടായിരുന്നില്ലേ മാധവനെ. എന്താലും അവസാനമായി ഒരു നോക്കു കാണാൻ കഴിഞ്ഞില്ലല്ല്യോ. നൊന്തുപെറ്റ മകനല്ലേ? ശാന്ത ദുഃഖത്തോടെ പറഞ്ഞു. ഒരുപാട് കാലമായി അവൾ അവന് തുടർച്ചയായി കത്തയച്ചിരുന്നു. എന്നാൽ മാധവൻ മറുപടി തന്നില്ല. ഞാനും അക്ഷമനായിരുന്നു. എന്നാലും.... ഒടുവിൽ എന്നെയും ഒറ്റക്കാക്കി അവൾ ഇത്ര പെട്ടെന്ന് മാഞ്ഞുപോകുമെന്ന് ഞാൻ കരുതിയിരുന്നില്ല. ദാമു കണ്ണാടിചില്ലിനുള്ളിലെ കണ്ണുനീർ തുടച്ചുകൊണ്ട് തുടർന്നു. ഹും. അവൾ വാവ്യായിരുന്നു ശാന്തേ... പാവം... കാലൻ അവളെ പെട്ടെന്ന് കൊണ്ടു പോകുമെന്ന് ആരറിഞ്ഞു. ജീവിച്ചു കൊതിതീർന്നിട്ടില്ല. എനിക്ക് അവളോടൊപ്പം' അയാൾ വിതുമ്പി.



മാധവൻ ചുരുട്ടിപ്പിടിച്ച കത്തുമായി അമ്മയുടെ ബിംബത്തിനു മുന്നിൽ മുട്ടുകുത്തി നിന്നു പറഞ്ഞു. അമ്മേ... മാപ്പ്... ഈ മകന്റെ എല്ലാ തെറ്റുകൾക്കും മാപ്പ് അവന്റെ ശബ്ദം കണ്ണുനീരിന്റെ ഉപ്പിതാൻ മുറിഞ്ഞു.

കണ്ണീർ ത്തു ള്ളികൾ അവന്റെ കണ്ണിൽ നിന്നും അഞ്ഞുപൊട്ടി ഒഴുകി. ആ തള്ളികളാൽ അവന്റെ കൈയിലെ കത്ത് നനഞ്ഞു കുതിർന്നു. പതിയെ അവൻ ആരോ തന്നെ വിളിക്കുന്നതായി കേട്ടു... പതിയെ നേർത്ത ശബ്ദം, ഒരു തണുത്ത കരസ്പർശം തന്റെ ചുമലിൽ പതിയുന്നത് അവൻ അറിഞ്ഞു 'മാധവാ'.... അമ്മേ.... അവൻ വിതുമ്പലിനിടെ പറഞ്ഞു. അതെ അതു തന്റെ അമ്മയുടെ സ്പർശനം തന്നെ. എന്നും രാത്രിയിൽ അമ്മയുടെ മടിയിൽ ചെരിഞ്ഞു ഉറങ്ങുമ്പോൾ അനുഭവപ്പെട്ട സ്നേഹ സ്പർശം അവൻ ആ സ്പർശനാനുഭൂതിയിൽ സർവം മറന്ന് വിലയം ചെയ്തു. ദൂരെ അമ്മയുടെ നിഴൽ അവനെ വിളിക്കുന്നതായി അവന് തോന്നി. അവൻ കണ്ണടച്ച് ഇരുന്നു. അമ്മയുടെ സാന്നിധ്യം അവന് അനുഭവിക്കാൻ കഴിയുന്നു. ആ സുഖശീതള ചിന്തയിൽ അവൻ നേർത്തു പുഞ്ചിരിച്ചു. അകലെ അമ്മ തന്നെ കാത്തുനിൽക്കുന്നു. അവൻ കത്ത് വലിച്ചെറിഞ്ഞ് അമ്മയുടെ അടുത്തേക്ക് നീങ്ങി. ദൂരെ....ദൂരെ.... കണ്ണെത്താ ദൂരെ.... സ്വപ്നങ്ങളുടെ വിദൂരതയിൽ...............

ലിയ ഫാത്തിമ

9.C

# കാത്തിരിപ്പ്



നിയാസന്ദീപ്

വിഷാദം നിറഞ്ഞ കണ്ണുകളും ഇടയ്ക്കിടെ ഒഴുകിവരുന്ന കണ്ണീരും ആ സ്ത്രീ തീരാ ദുഃഖത്തിൽ ആണെന്ന് വിളിച്ചോതുന്നു സാരി തലപ്പുകൊണ്ട് കണ്ണീരരൊപ്പി . അവർ ജനലിലൂടെ പുറത്തേക്ക് കണ്ണുനട്ടിരുന്നു .തൻറെ മകൾ വന്നു തിരികെ കൊണ്ടുപോയാലോ ! ഒരിക്കലും നടക്കില്ലെന്ന് അറിയാമെങ്കിലും സ്വയം സമാധാനിപ്പിക്കാൻ എന്നപോൽ തന്റെ മകൾക്കായി കാത്തിരുന്നു .



അച്ഛനും അമ്മയും വളരെ കഷ്ടപ്പെട്ടായിരുന്നു തങ്ങളുടെ മകളെ വളർത്തിയത് . അവളുടെ എല്ലാ ആഗ്രഹങ്ങളും അവർ സാധിച്ചു കൊടുത്തു പഠിപ്പിച്ച നല്ലൊരു നിലയിൽ എത്തിച്ചു .പണവും പ്രശസ്തിയും ആവോളം ആയപ്പോൾ അവൾക്ക് അവരെ വേണ്ടാതായി .ഈ തീരുമാനം എടുത്തത് അധികകാലം ഒന്നും അച്ഛൻ ജീവിച്ചിരുന്നില്ല. അവൾക്ക് പേരിനു പോലും ദുഃഖം ഉണ്ടായിരുന്നില്ല അമ്മയെ വൃദ്ധസദനത്തിലേക്ക് തള്ളിവിട്ടപ്പോൾ അവളുടെ മനസ്സിൽ ഒരു കുഞ്ഞു നോവ് പോലും ഉണ്ടായിരുന്നില്ല .ഓർമ്മകളുടെ നോവൽ ആ വൃദ്ധയുടെ കണ്ണുകൾ നിറഞ്ഞു .ഒന്നും പൊട്ടിക്കരയാൻ മനസ്സ് വേമ്പുന്നു .എന്നാൽ കഴിയുന്നില്ല മനസ്സിനെ മുറിവിന്റെ ക്ഷീണത്താൽ അവർ ഉറക്കത്തിലേക്ക് വരികയാണ് .പിറ്റേന്ന് അവർ ഉറക്കമുണർന്നില്ല. സങ്കടനങ്ങളില്ലാത്ത ലോകത്തേക്ക് ആ സ്ത്രീ യാത്രയായി .അവസാനമായി കാണുവാനെങ്കിലും തൻറെ മകൾ വരുമായിരിക്കും അവരുടെ ആത്മാവ് മന്ത്രിച്ചു കൊണ്ടിരുന്നു......

# നന്ദി.............................

" ദലം" ഇ – മാഗസിൻ തയ്യാറാക്കുവാൻ സഹകരിച്ച എല്ലാക്കുട്ടുകാർക്കും അധ്യാപകർക്കും ലിററിൽ കൈററ്സിന്റെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി.........................................................

സ്ററുഡന്റ് എഡിററർ

